# പതിനഞ്ചാം കേരള നിയമസഭ
# ഒന്നാം സമ്മേളനം

# സഭാദ്ധ്യക്ഷന്റെ പ്രധാന തീരുമാനങ്ങൾ

## (2021 മേയ് 28 മുതൽ - 2021 ജൂൺ 10 വരെ)

**നിയമസഭാദ്ധ്യക്ഷൻ**

**ശ്രീ. എം. ബി. രാജേഷ്**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

(എഡിറ്റിംഗ് ബ്രാഞ്ച്)

തിരുവനന്തപുരം

## (1) മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ പുതുതായി മേശപ്പുറത്ത് വയ്ക്കണമെന്നത് സംബന്ധിച്ച്

2021 ജൂൺ 1-ാം തീയതി, മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ പരിഗണിക്കുന്നതിനുമുമ്പായി 14-ാം കേരള നിയമസഭ പിരിച്ചുവിട്ടതോടുകൂടി പ്രസ്തുത കാലയളവിൽ മേശപ്പുറത്ത് വച്ചതും, നിശ്ചിത കാലാവധി പൂർത്തിയാക്കാൻ സാധിക്കാതിരുന്നതുമായ വിജ്ഞാപനങ്ങൾ വീണ്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുപകരം പുതുതായി ലേ ചെയ്യുകയാണ് വേണ്ടതെന്നും ആയതിനാൽ ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നതായി കാണിച്ചിട്ടുള്ള വിജ്ഞാപനങ്ങൾ ബന്ധപ്പെട്ട മന്ത്രിമാർ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന പേപ്പറുകളോടൊപ്പം ഉൾപ്പെടുത്തണമെന്നും അതിനുള്ള റൂളിംഗ് നൽകണമെന്നും പ്രതിപക്ഷനേതാവ് ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി*.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 166 (2) പ്രകാരം 'നിർദ്ദിഷ്ട കാലാവധി (14 ദിവസം) പൂർത്തിയാക്കാത്ത പക്ഷം അപ്രകാരമുള്ള റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവ പ്രസ്തുത കാലയളവ് പൂർത്തിയാകുന്നതുവരെ തൊട്ടടുത്ത സമ്മേളനത്തിലോ,

* XV KLA/I Session Vol. 184 Report No. 5 dated 01-06-2021

സമ്മേളനങ്ങളിലോ വീണ്ടും വയ്ക്കേണ്ടതാണ് ' എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇന്നത്തെ കാര്യവിവരപ്പട്ടികയിലെ രണ്ടാമത്തെ ഇനമായി സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന കടലാസ്സുകളുടെ പട്ടികയിൽ നിന്നും 'വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നു' എന്ന പരാമർശം നീക്കം ചെയ്യുന്നതായും ബഹുമാനപ്പെട്ട മന്ത്രിമാർ വയ്ക്കുന്ന മറ്റ് രേഖകളുടെ കൂട്ടത്തിൽ പ്രസ്തുത രേഖകളും പുതുതായി മേശപ്പുറത്ത് വയ്ക്കുന്നതായി പരിഗണിക്കുന്നതാണ്.

(2) <u>നിയമസഭാ ചട്ടങ്ങൾ സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്</u>

2021 ജൂൺ 3-ാം തീയതി നിയമനിർമ്മാണത്തിന്റെ പരിഗണനാവേളയിൽ, 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ സഭയിൽ അവതരിപ്പിക്കുന്നത് നിയമസഭാ ചട്ടങ്ങൾ 76, 77, 237 എന്നിവയുടെ ലംഘനമാണെന്നും ബില്ലിലെ വ്യവസ്ഥകൾ 2020 മാർച്ച് 26-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണെന്നും ഇത്തരം ഒരു നിയമനിർമ്മാണത്തിന്റെ അടിയന്തര ആവശ്യമില്ലെന്നും നിലവിൽ ഓർഡിനൻസുള്ളതിനാൽ നിയമപ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിക്കാൻ ഗവൺമെന്റിന് സാധിക്കുമെന്നും സബ്ജക്ട് കമ്മിറ്റികളുടെ പരിഗണന കൂടാതെ നിയമസഭാചട്ടങ്ങൾ മറികടന്ന് ബിൽ പാസ്സാക്കാനുള്ള നീക്കം ജനാധിപത്യ അവകാശങ്ങളുടെയും നിയമസഭാ

ചട്ടങ്ങളുടെയും ലംഘനമാണെന്നും ഇക്കാര്യത്തിൽ ചെയർ റൂളിംഗ് നൽകണമെന്നും ഒരു പ്രതിപക്ഷാംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ സഭാ ചട്ടപ്രകാരമാണ് അവതരിപ്പിച്ചിരിക്കുന്നതെന്നും ചട്ടം 313-ൽ പറയുന്നത് 'ഏതൊരു അംഗത്തിനും സഭ മുമ്പാകെയുള്ള ഒരു പ്രത്യേക ഉപക്ഷേപത്തിന് ബാധകമാക്കുന്നതിനുവേണ്ടി ഏതെങ്കിലും ചട്ടം സസ്പെൻഡ് ചെയ്യാമെന്ന് സ്പീക്കറുടെ സമ്മതത്തോടുകൂടി പ്രമേയം അവതരിപ്പിക്കാവുന്നതും, ആ പ്രമേയം അംഗീകരിക്കപ്പെടുകയാണെങ്കിൽ ആ ചട്ടം അപ്പോഴത്തേയ്ക്ക് സസ്പെൻഡ് ചെയ്യേണ്ടതുമാകുന്നു' എന്നാണെന്നും ഇപ്പോഴത്തെ പകർച്ചവ്യാധികളുടെ അടിയന്തര സാഹചര്യത്തിൽ, സഭ ഈ ബിൽ പരിഗണിക്കുന്നുവെന്നും ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി*.

---

* XV KLA/I Session Vol. 184 Report No. 7 dated 03-06-2021

പുതിയ സഭ നിലവിൽ വന്നതിനെത്തുടർന്ന് രൂപീകരിക്കേണ്ട സബ്ജക്ട് കമ്മിറ്റികൾ നിലവിൽ വരാത്ത സാഹചര്യത്തിലാണ് കേരള സാംക്രമിക രോഗങ്ങൾ ബിൽ ഇന്ന് സഭ പരിഗണിക്കണമെന്ന ശിപാർശ കാര്യോപദേശക സമിതി മുന്നോട്ടുവച്ചത്. ചട്ടപ്രകാരം ബിൽ അന്തിമമായി പാസ്സാക്കുന്നതിനുമുമ്പായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധന ഒഴിവാക്കേണ്ടി വന്നിട്ടുണ്ടെങ്കിൽപ്പോലും ഓർഡിനൻസിനുപകരമുള്ള ഒരു ബില്ലായതിനാൽ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഓർഡിനൻസ് നിരാകരണ പ്രമേയം അവതരിപ്പിക്കാനും ഭേദഗതി നോട്ടീസ് നൽകി ബില്ലിന്റെ തത്വത്തെ സംബന്ധിച്ചുള്ള പൊതുചർച്ച നടത്താനും അവസരമൊരുക്കിയിട്ടുണ്ട്. വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്കായി ഭേദഗതി നോട്ടീസ് നൽകുന്നതിന് സമയം ദീർഘിപ്പിച്ചു നൽകുകയും 550-ലധികം ഭേദഗതികൾ വിവിധ വകുപ്പുകളിന്മേൽ ലഭ്യമാകുകയും അവ ലിസ്റ്റാക്കി സർക്കുലേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ പല സുപ്രധാന നിയമനിർമ്മാണങ്ങളും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയോ പൊതുചർച്ചയോ കൂടാതെ പാസ്സാക്കിയിട്ടുള്ളതായി കാണാവുന്നതാണ്. ഈ സാഹചര്യത്തിൽ 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ സഭ പരിഗണിക്കുന്നതിനെതിരെ ഉന്നയിച്ച ക്രമപ്രശ്നം

നിലനിൽക്കുന്നതല്ല.

(3) 2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബില്ലിന്റെ ഭരണഘടനാ സാധുത

2021 ജൂൺ 3-ാം തീയതി നിയമനിർമ്മാണത്തിന്റെ പരിഗണനാവേളയിൽ, സാംക്രമിക രോഗങ്ങളുമായി ബന്ധപ്പെട്ട കേന്ദ്രനിയമം നിലനിൽക്കുന്ന സാഹചര്യത്തിൽ 1897-ലെ The Epidemic Diseases Act (Central Act 3 of 1897)-ന്റെ പരിധിയിൽനിന്നും മലബാർ മേഖലയുടെ പ്രാബല്യം ഇല്ലാതാക്കി സംസ്ഥാനത്തിന് മുഴുവൻ ബാധകമാകുന്ന വിധത്തിൽ നിയമനിർമ്മാണം നടത്തുന്നത് ഭരണഘടനാവിരുദ്ധമാണെന്നും പിഴ ഈടാക്കുന്നത് സംബന്ധിച്ച് വ്യക്തതയില്ലാതെ കൊണ്ടുവന്ന ബിൽ പുനഃപരിശോധിക്കണമെന്നും ഇതിനെതിരെ സ്പീക്കർ റൂളിംഗ് നൽകണമെന്നും പ്രതിപക്ഷത്തെ മറ്റൊരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

2021-ലെ കേരള സാംക്രമിക രോഗങ്ങൾ ബിൽ ചട്ടപ്രകാരമാണ് അവതരിപ്പിച്ചിരിക്കുന്നതെന്നും നിലവിൽ സംസ്ഥാനത്തുള്ള നിയമങ്ങൾ ഏകീകരിക്കുന്നതിനും ക്രോഡീകരിക്കുന്നതിനുംവേണ്ടിയാണ് ഈ നിയമം കൊണ്ടുവരുന്നതെന്നും ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി*.

ഭരണഘടനയിലെ 254-ാം അനുച്ഛേദത്തിൽ, കൺകറന്റ് ലിസ്റ്റിൽപ്പെട്ട ഒരു വിഷയത്തിലുള്ള നിയമനിർമ്മാണമായാൽപ്പോലും അതിന് കേന്ദ്ര നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥയോട് വൈരുദ്ധ്യമുണ്ടെങ്കിൽ സംസ്ഥാന നിയമത്തിലെ അപ്രകാരം വൈരുദ്ധ്യമുള്ള ഒരു വ്യവസ്ഥ മാത്രമേ അസാധുവാകുന്നുള്ളൂവെന്നാണ് പറഞ്ഞിരിക്കുന്നത്.

ബില്ലിലെ വ്യവസ്ഥകൾക്ക് കേന്ദ്രനിയമത്തിലെ ഏതെങ്കിലും വ്യവസ്ഥകളോട് വൈരുദ്ധ്യമുണ്ടെങ്കിലും സംസ്ഥാന ലിസ്റ്റിൽ പരാമർശിച്ചിരിക്കുന്ന വിഷയത്തിന്മേൽ ഒരു നിയമനിർമ്മാണം നടത്തുവാനുള്ള സംസ്ഥാന നിയമസഭയുടെ പരമാധികാരത്തെ ഒരുവിധത്തിലും പരിമിതപ്പെടുത്തുന്നില്ലെന്നതാണ് നിയമവ്യവസ്ഥ. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

### (4) ക്രമപ്രകാരമല്ലാതെയുള്ള സത്യപ്രതിജ്ഞ

2021 ജൂൺ 6-ാം തീയതി ബഡ്ജറ്റിന്മേലുള്ള നന്ദിപ്രമേയ ചർച്ചയ്ക്ക് മുമ്പ്, ദേവികുളം എം.എൽ.എ. 24-05-2021-ൽ ഭരണഘടനയുടെ ആർട്ടിക്കിൾ 188

* XV KLA/I Session Vol. 184 Report No. 7 dated 03-06-2021

പ്രകാരം പ്രോട്ടെം സ്പീക്കർ മുമ്പാകെ നടത്തിയ സത്യപ്രതിജ്ഞ, ഭരണഘടനയുടെ 3-ാം ഷെഡ്യൂളിൽ അനുശാസിക്കുന്ന പ്രകാരമല്ലായിരുന്നുവെന്ന് കണ്ടതിനാൽ നിയമ വകുപ്പിന്റെ ഉപദേശത്തിന്റെകൂടി അടിസ്ഥാനത്തിൽ വീണ്ടും ബഹുമാനപ്പെട്ട സ്പീക്കറുടെ മുമ്പാകെ ക്രമപ്രകാരം ദൃഢപ്രതിജ്ഞ ചെയ്ത് സ്ഥാനം ഏറ്റെടുത്തിരിക്കുകയാണെന്നും ഭരണഘടനയ്ക്ക് വിരുദ്ധമായി പ്രതിജ്ഞയെടുത്ത് അഞ്ച് ദിവസം അംഗമായി സഭയിലിരുന്ന ടി അംഗം അപ്രകാരം ഇരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപ വീതം പിഴയടക്കാൻ ബാദ്ധ്യസ്ഥനാണോ എന്നും ക്രമപ്രകാരം അംഗമായി സത്യപ്രതിജ്ഞ ചെയ്യുന്നതിനുമുമ്പ് അദ്ദേഹം സ്പീക്കർ തെരഞ്ഞെടുപ്പിൽ രേഖപ്പെടുത്തിയ വോട്ട് സാധുവാണോ എന്നും അല്ലെങ്കിൽ 25.05.2021-ൽ അദ്ദേഹം സ്പീക്കർ തെരഞ്ഞെടുപ്പിൽ രേഖപ്പെടുത്തിയ വോട്ട് റദ്ദ് ചെയ്യേണ്ടതുണ്ടോ എന്നും സ്പീക്കർ റൂളിംഗ് നൽകണമെന്ന് പ്രതിപക്ഷത്തെ ഒരംഗം 2021 ജൂൺ 2-ാം തീയതി ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടതിന് ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി*.

ദേവികുളം അംഗം ശ്രീ. എ. രാജ 2021 മെയ് 24-ാം തീയതി നിയമസഭാംഗം എന്ന നിലയിൽ നടത്തിയ സത്യപ്രതിജ്ഞ ഇന്ത്യൻ ഭരണഘടനയുടെ മൂന്നാം പട്ടികയിൽ അനുശാസിക്കുംപ്രകാരമല്ലെന്ന

* XV KLA/I Session Vol. 184 Report No. 9 dated 07-06-2021

ക്രമപ്രശ്നത്തിന്റെ അടിസ്ഥാനത്തിൽ നിയമസഭാ സെക്രട്ടേറിയറ്റ് നിയമവകുപ്പ് സെക്രട്ടറിയിൽനിന്ന് അഭിപ്രായം ആരായുകയുണ്ടായി.

ശ്രീ. എ. രാജ തമിഴ്ഭാഷയിൽ നടത്തിയ സത്യപ്രതിജ്ഞയിൽ അപാകതയുണ്ടായിട്ടുണ്ടെന്നും അത് തിരുത്തപ്പെടേണ്ടതാണെന്നും നിയമവകുപ്പ് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് ജൂൺ 2-ാം തീയതി ശരിയായ രീതിയിൽ വീണ്ടും സത്യപ്രതിജ്ഞ ചെയ്യേണ്ടിവന്നു. നിയമവകുപ്പ് തയ്യാറാക്കി നിയമസഭാ സെക്രട്ടേറിയറ്റിന് അയച്ചുതന്ന തമിഴ്ഭാഷയിലുള്ള സത്യപ്രതിജ്ഞാ വാചകം അപൂർണ്ണമായിരുന്നതുമൂലമാണ് ശ്രീ. എ. രാജയുടെ സത്യപ്രതിജ്ഞയിൽ പിശക് സംഭവിച്ചത്.

സത്യപ്രതിജ്ഞാ വാചകത്തിൽ അവസാനമായി പരാമർശിക്കേണ്ടിയിരുന്ന ദൈവനാമത്തിൽ അല്ലെങ്കിൽ സഗൗരവം എന്നിവയിൽ ഏതെങ്കിലും ഒരു വാക്കിന് സമാനമായ തമിഴ് വാക്ക് ഉൾപ്പെടുത്താതെ നിയമവകുപ്പ് തയ്യാറാക്കി ലഭ്യമാക്കിയ സത്യപ്രതിജ്ഞാ ഫാറം അംഗത്തിന് നൽകിയതുമൂലമാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ സത്യപ്രതിജ്ഞ അപൂർണ്ണമായി പോയതെന്നാണ് ചെയർ മനസ്സിലാക്കുന്നത്.

ഇത്തരമൊരു ഗുരുതരമായ വീഴ്ച സംഭവിച്ചത് ഏതു സാഹചര്യത്തിലാണെന്നതുസംബന്ധിച്ച് ചെയർ പരിശോധിച്ച് കർശനനടപടി സ്വീകരിക്കുന്നതാണ്. പതിനൊന്നാം കേരള നിയമസഭയിലെ ഒരംഗം ഇത്തരത്തിൽ സഭാ നടപടികളിൽ പങ്കെടുത്ത ദിവസങ്ങൾക്ക് ഭരണഘടനയിൽ പരാമർശിക്കുന്ന നിരക്കിലുള്ള പിഴ അടയ്ക്കണമെന്നാണ് കേരള ഹൈക്കോടതി വിധിച്ചത്.

"സഭയിൽ ഇരിക്കുകയോ, വോട്ട് ചെയ്യുകയോ, നടപടികളിൽ മറ്റ് വിധത്തിൽ പങ്കെടുക്കുകയോ ചെയ്യുവാൻ  അവകാശമില്ലാതിരുന്ന ആരെങ്കിലും അപ്രകാരം ചെയ്തതായി പിന്നീട്  വെളിപ്പെട്ടു എന്നിരുന്നാലും ഒരു സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലത്തിലെ ഏത് നടപടിയും സാധുവായിരിക്കുന്നതുമാകുന്നു" എന്ന് അനുച്ഛേദം 189(2)-ൽ പരാമർശമുണ്ടെന്ന വസ്തുത ഏറെ പ്രസക്തമാണെന്ന് ചെയർ കരുതുന്നു. ഈ സാഹചര്യത്തിൽ ദേവികുളം നിയോജകമണ്ഡലത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എ. രാജ 2021 മെയ് 24-ാം തീയതി സഭയിൽ നടത്തിയ സത്യപ്രതിജ്ഞ ക്രമപ്രകാരമായിരുന്നില്ലെന്ന കാരണത്താൽ അന്നുമുതൽ അദ്ദേഹം ക്രമാനുസൃതമായി സത്യപ്രതിജ്ഞ നടത്തിയ ജൂൺ രണ്ടാം തീയതിവരെ

സഭയിൽ ഹാജരായ മെയ് 24, 25, 28, 31, ജൂൺ 1 എന്നീ അഞ്ച് ദിവസത്തേയ്ക്ക് പ്രതിദിനം അഞ്ഞൂറ് രൂപ നിരക്കിൽ പിഴ ഒടുക്കേണ്ടതാണെന്നും പ്രസ്തുത ദിനങ്ങളിൽ അദ്ദേഹം പങ്കെടുത്തതോ വോട്ട് രേഖപ്പെടുത്തിയതോ ആയ നടപടികളൊന്നുംതന്നെ അസാധുവാകുന്നതല്ലെന്നും ഇക്കാര്യങ്ങൾ സംബന്ധിച്ച ഭരണഘടനാ വ്യവസ്ഥകളുടെയും കീഴ്വഴക്കങ്ങളുടെയും കോടതി നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ ചെയർ റൂൾ ചെയ്യുന്നു.

## (5) <u>ചട്ടങ്ങളുടെ ലംഘനം</u>

2021 ജൂൺ 7-ാം തീയതി ധനകാര്യം പരിഗണിക്കുന്നതിന് മുമ്പായി ഭരണഘടനയുടെ അനുച്ഛേദം 203(3), 206 എന്നിവ പ്രകാരം 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റിനോടനുബന്ധിച്ച രേഖകൾ അംഗങ്ങൾക്ക് യഥാസമയം വിതരണം ചെയ്തിട്ടില്ലാത്തത് ചട്ടപ്രകാരം സഭാനടപടികളുടെ ലംഘനമാണെന്നും പൊതുചർച്ചകൾക്കുശേഷം ധനാഭ്യർത്ഥന സംബന്ധിച്ച സൂക്ഷ്മപരിശോധന നടത്തേണ്ട സബ്ജക്ട് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ലാത്തതിനാൽ ചട്ടം 142 താൽക്കാലികമായി മരവിപ്പിക്കുകയോ സമിതികളുടെ രൂപീകരണം ഉടൻ പൂർത്തിയാക്കുകയോ ചെയ്യണമെന്നും ചട്ടങ്ങളും കീഴ്വഴക്കങ്ങളും മാനിക്കാത്ത നടപടിക്കെതിരെ റൂളിംഗ്

നൽകണമെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*.

പുതിയ നിയമസഭ നിലവിൽ വരികയും പെട്ടെന്നുതന്നെ സഭാസമ്മേളനം ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അനുവദനീയമായ താമസസൗകര്യങ്ങൾ ഏർപ്പാടാക്കുന്നതിൽ മനഃപൂർവ്വമല്ലാത്ത ചില വൈഷമ്യങ്ങളുണ്ടായിട്ടുണ്ട്. കോവിഡ്കാലം കൂടിയായതിനാൽ ബഡ്ജറ്റ് സംബന്ധിച്ച രേഖകൾ അംഗങ്ങൾക്ക് മുറികളിൽ ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടെങ്കിലും രേഖകൾ യഥാസമയം എത്തിക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം പൂർത്തീകരിക്കാതെ ബഡ്ജറ്റിന്മേലുള്ള പൊതുചർച്ച ആരംഭിക്കുന്ന കാര്യത്തിൽ ചട്ടലംഘനമോ കീഴ്വഴക്കങ്ങളുടെ ലംഘനമോ ഉണ്ടായിട്ടില്ല. പുതിയ നിയമസഭ നിലവിൽ വരുന്ന സന്ദർഭങ്ങളിൽ വളരെ അപൂർവ്വമായിട്ടാണെങ്കിൽപ്പോലും സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം പൂർത്തിയാകുന്നതിന് മുമ്പായി പൊതുചർച്ച ആരംഭിച്ചിട്ടുണ്ട്. വിവിധ സബ്ജക്ട് കമ്മിറ്റികളുടെ രൂപീകരണം

* XV KLA/I Session Vol. 184 Report No. 9 dated 07-06-2021

പൊതുചർച്ച ആരംഭിക്കുന്ന ഇന്നുതന്നെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ആയതിനാൽ ചട്ടം 142 താൽക്കാലികമായി മരവിപ്പിക്കേണ്ട സാഹചര്യം നിലവിലില്ല. ഈ സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

(6) ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മീഷൻ റിപ്പോർട്ട്

2021 ജൂൺ 8-ാം തീയതി ധനകാര്യം പരിഗണിക്കുന്നതിന് മുമ്പ്, 2016 ജൂലൈ 20-ന് ഹൈക്കോടതി പരസരത്തുവച്ച് അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിലുണ്ടായ സംഘർഷത്തെത്തുടർന്നുള്ള സംഭവങ്ങളെപ്പറ്റി അന്വേഷിക്കുന്നതിന് നിയോഗിച്ച ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മീഷൻ 2020 ജൂൺ 30-ാം തീയതി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നെന്നും റിപ്പോർട്ട് ലഭിച്ച് 11 മാസം കഴിഞ്ഞിട്ടും അതിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ടുൾപ്പെടെ സഭയിൽ സമർപ്പിക്കാത്തത് നിയമലംഘനമാണെന്നും ഇക്കാര്യത്തിൽ സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണമെന്നും ഒരു പ്രതിപക്ഷാംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

2016 ജൂലൈ 20-ാം തീയതി ഹൈക്കോടതി പരിസരത്തുവച്ച് അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിലുണ്ടായ

സംഘർഷത്തെത്തുടർന്നുണ്ടായ സംഭവങ്ങളെപ്പറ്റി അന്വേഷിച്ച ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മീഷൻ, 30-06-2020-ന് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും ഇക്കാര്യത്തിലുള്ള സമ്പൂർണ്ണ നടപടി റിപ്പോർട്ട് തയ്യാറാക്കാൻ കൂടുതൽ പരിശോധന ആവശ്യമായി വന്നുവെന്നും കോവിഡ് മഹാമാരിമൂലം ഓഫീസുകളുടെ സുഗമമായ പ്രവർത്തനം തടസ്സപ്പെട്ടതിനാലും നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തിയാക്കി കമ്മീഷൻ റിപ്പോർട്ടും നടപടി റിപ്പോർട്ടും നിയമസഭ മുൻപാകെ സമർപ്പിക്കാൻ സാധിച്ചിരുന്നില്ലെന്നും നടപടിക്രമങ്ങൾ എത്രയുംപെട്ടെന്ന് പൂർത്തിയാക്കി റിപ്പോർട്ടും ആക്ഷൻ ടേക്കൺ റിപ്പോർട്ടും അടുത്ത നിയമസഭാ സമ്മേളനത്തിൽ സമർപ്പിക്കുന്നതാണെന്നും മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി*.

നടപടികൾ പൂർത്തീകരിച്ച് അടുത്ത സമ്മേളനത്തിൽത്തന്നെ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതാണെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പിന്റെ

* XV KLA/I Session Vol. 184 Report No. 10 dated 08-06-2021

അടിസ്ഥാനത്തിൽ ക്രമപ്രശ്നം തീർപ്പാക്കുകയാണ്.

## (7) നിയമസഭാ ചട്ടങ്ങളുടെ മലയാളം തർജ്ജമ

2021 ജൂൺ 8-ാം തീയതി ധനകാര്യം പരിഗണിക്കുന്നതിന് മുമ്പ്, 2019-ൽ പുതുക്കി പ്രസിദ്ധീകരിച്ച കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ എന്ന പുസ്തകത്തിൽ 'ഇത് മൂലഭാഷയായ ഇംഗ്ലീഷിലുള്ള ചട്ടങ്ങളുടെ പരിഭാഷ മാത്രമായതിനാൽ നിയമപ്രകാരമുള്ള ഒരു ആധികാരിക രേഖയല്ല' എന്നാണ് പറയുന്നതെന്നും ചട്ടം 305-ൽ മലയാള ഭാഷ ഉപയോഗിക്കുന്നത് സംബന്ധിച്ച് വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതിനാൽ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണത്തിൽ പറഞ്ഞിട്ടുള്ള 'ആധികാരിക രേഖയല്ല' എന്ന ഭാഗം നീക്കം ചെയ്യണമെന്ന് ഒരു പ്രതിപക്ഷാംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*.

1954 ആഗസ്റ്റ് 31-ാം തീയതി നിലവിൽ വന്ന തിരുവിതാംകൂർ കൊച്ചിൻ ലെജിസ്ലേറ്റീവ് അസംബ്ലിയുടെ നടപടിച്ചട്ടങ്ങളിൽ നിന്നാണ് നിയമസഭാ നടപടിച്ചട്ടങ്ങൾ രൂപപ്പെട്ടത്. 1956-ലെ സ്റ്റേറ്റ്സ് റീ-ഓർഗനൈസേഷൻ

* XV KLA/I Session Vol. 184 Report No. 10 dated 08-06-2021

ആക്ടിലെ പ്രൊവിഷൻ അനുസരിച്ചാണ് 1954-ൽ നിലവിൽ വന്ന ചട്ടങ്ങൾ കേരള നിയമസഭയുടെ നടപടിച്ചട്ടങ്ങളായി അംഗീകരിക്കപ്പെട്ടത്. അപ്രകാരം സഭ അംഗീകാരം നൽകിയ ചട്ടങ്ങളുടെ ഒറിജിനൽ ടെക്സ്റ്റ് ഇംഗ്ലീഷ് ഭാഷയിൽ ആയിരുന്നതിനാലാണ് സഭാചട്ടങ്ങളുടെ ആധികാരിക ടെക്സ്റ്റ് ഇംഗ്ലീഷായി തുടർന്നുവരുന്നത്. മലയാള ഭാഷയിൽ നാം ഉപയോഗിച്ചുവരുന്നത് ഇംഗ്ലീഷിൽനിന്നും മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്ത വേർഷൻ മാത്രമാണ്; അത് ആധികാരികമാണെന്ന് പറയാനാകില്ല. നിയമ വകുപ്പ് തയ്യാറാക്കിയ പ്രസ്തുത പരിഭാഷയുടെ ഏതെങ്കിലും വ്യവസ്ഥ വ്യാഖ്യാനിക്കുന്ന വേളയിൽ ഒറിജിനൽ ടെക്സ്റ്റുമായി വൈരുദ്ധ്യമുണ്ടാകുന്നപക്ഷം ഇംഗ്ലീഷ് ടെക്സ്റ്റിനായിരിക്കും മുൻതൂക്കം എന്ന നിയമപരമായ മുന്നറിയിപ്പാണ് മലയാളം പരിഭാഷയുടെ ആമുഖത്തിൽ ചേർത്തിരിക്കുന്നത്.

ഇന്ത്യൻ ഭരണഘടനയുടെയും കാലാകാലങ്ങളിലുണ്ടാകുന്ന ഭേദഗതികളുടെയും ഹിന്ദിയിലുള്ള പരിഭാഷ എല്ലാ അർത്ഥത്തിലും ഇംഗ്ലീഷ് ഭാഷയിലുള്ളതുപോലെതന്നെ ആധികാരികമായ രേഖ ആയിരിക്കുമെന്ന് ഭരണഘടനയിലെ അനുച്ഛേദം 394 A-യിൽ അനുശാസിച്ചിരിക്കുന്നു; അതേ മാതൃകയിൽ നമ്മുടെ സഭാചട്ടങ്ങളുടെ മലയാള പരിഭാഷയും ആധികാരിക

രേഖയായി അംഗീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. അപ്രകാരമുള്ള നടപടിക്രമം പൂർത്തീകരിക്കുന്നതുവരെ നിലവിൽ മലയാളം പരിഭാഷയുടെ ആമുഖത്തിൽ ചേർത്തിരിക്കുന്ന സ്റ്റാറ്റ്യൂട്ടറി പ്രസ്താവന ഒഴിവാക്കാൻ കഴിയില്ല.

## (8) വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ മേശപ്പുറത്ത് വയ്ക്കുന്നതിലെ കാലതാമസം

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും അക്കാദമി ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ അഡ്മിനിസ്ട്രേഷന്റെയും കേരള പബ്ലിക് സർവീസ് കമ്മീഷന്റെയും 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ റിപ്പോർട്ടുകൾ 01.06.2021-നാണ് സഭയിൽ സമർപ്പിച്ചതെന്നും ഇത്തരം റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച് റൂളിംഗ് ഉണ്ടാകണമെന്നും 2021 ജൂൺ 10-ാം തീയതി ധനകാര്യം പരിഗണിക്കുന്നതിനുമുമ്പായി പ്രതിപക്ഷത്തെ ഒരംഗം ആവശ്യപ്പെടുകയുണ്ടായി.

സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയാക്കുന്നതുൾപ്പെടെയുണ്ടാകുന്ന സാങ്കേതിക കാരണങ്ങളാണ് വാർഷിക റിപ്പോർട്ടുകൾ യഥാസമയം നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ കാലതാമസമുണ്ടാക്കിയതെന്നും ഇക്കാര്യത്തിൽ ഏതെങ്കിലും സ്ഥാപനങ്ങൾ ബോധപൂർവ്വമായ വീഴ്ച വരുത്തുന്നതായി

ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും വാർഷിക റിപ്പോർട്ടുകൾ കാലതാമസം കൂടാതെ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണെന്നും മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി*.

വാർഷിക ആഡിറ്റ് റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട സ്ഥാപനങ്ങൾ അതത് സാമ്പത്തിക വർഷം പൂർത്തിയായതിനുശേഷം ഒമ്പത് മാസത്തിനുള്ളിലും വാർഷിക റിപ്പോർട്ടുകൾ മാത്രം സമർപ്പിക്കേണ്ട സ്ഥാപനങ്ങൾ ആറ് മാസത്തിനുള്ളിലും അതിന് കഴിയാതെ വരുന്ന സന്ദർഭത്തിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ് സഹിതം മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് ചട്ടം 166 (ബി)-യിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അപ്രകാരം ലഭിക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി പരിശോധിച്ച് യുക്തമായ ശിപാർശകൾ സമർപ്പിക്കണം. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ (directions) ഉടൻ നൽകുന്നതാണ്.

---
* XV KLA/I Session Vol. 184 Report No. 12 dated 10-06-2021

(9) <u>വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കുന്നത് സംബന്ധിച്ച്</u>

2021 ജൂൺ 10-ാം തീയതി ധനകാര്യം പരിഗണിക്കുന്നതിന് മുമ്പ്, 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സബ്ജക്ട് കമ്മിറ്റികൾ ജൂലൈ ആദ്യവാരത്തോടെ പൂർത്തീകരിച്ച് ജൂലൈ മദ്ധ്യത്തോടെ അവ പാസ്സാക്കാൻ കഴിയുമെന്നിരിക്കെ ഒക്ടോബർ വരെയുള്ള വോട്ട് ഓൺ അക്കൗണ്ട് ഇന്ന് പരിഗണിക്കേണ്ടതുണ്ടോ എന്നും സബ്ജക്ട് കമ്മിറ്റികളുടെ പ്രാധാന്യം കുറയ്ക്കുന്ന ഇത്തരം നടപടി സംബന്ധിച്ച് റൂളിംഗ് നൽകണമെന്ന് പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കുകയുണ്ടായി.

കോവിഡ് സാഹചര്യത്തിൽ ജൂലൈ 31-ന് മുൻപ് ബഡ്ജറ്റ് പാസ്സാക്കാൻ കഴിഞ്ഞില്ലെങ്കിൽ ആഗസ്റ്റ് മുതൽ ഭരണപരമായ കാര്യങ്ങളിൽ തടസ്സം നേരിടേണ്ടിവരുമെന്നതിനാലാണ് ഒക്ടോബർ മാസം വരെയുള്ള വോട്ട് ഓൺ അക്കൗണ്ട് കൊണ്ടുവന്നിരിക്കുന്നത്. സബ്ജക്ട് കമ്മിറ്റികളുടെ ചർച്ചയുടെ അടിസ്ഥാനത്തിൽ ജൂലൈ 31-ന് മുമ്പുതന്നെ ബഡ്ജറ്റ് പാസ്സാക്കുന്നതായിരിക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി*.

സഭ മുമ്പാകെ വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കുന്നത് ഭരണഘടനയുടെ അനുച്ഛേദം 206 പ്രകാരമാണ്. പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ 2021 ജൂൺ 4-നാണ് മൂന്ന് മാസത്തേയ്ക്കുള്ള (ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ) വോട്ട് ഓൺ അക്കൗണ്ടിനായുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവച്ചത്.

സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി ജൂലൈ മാസത്തോടെ സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കുന്നതിനുതകുന്ന രീതിയിലാണ് സമയപ്പട്ടിക തയ്യാറാക്കിയതെങ്കിലും കോവിഡ് ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ സഭാസമ്മേളനം ചേരുന്നതിലെ അനിശ്ചിതത്വം കണക്കിലെടുത്ത് ഏതെങ്കിലും തരത്തിലുള്ള ഭരണഘടനാ പ്രതിസന്ധിയുണ്ടായാൽ തരണം ചെയ്യുന്നതിനുള്ള മുൻകരുതലായിട്ടാണ് ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള മൂന്ന് മാസത്തേയ്ക്ക് വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കുന്നത്. ഇതിൽ യാതൊരുവിധ ചട്ട വിരുദ്ധതയും അനൗചിത്യവും കാണുന്നില്ല. പതിമൂന്നാം കേരള നിയമസഭയിലും പതിനാലാം കേരള

---
* XV KLA/I Session Vol. 184 Report No. 12 dated 10-06-2021

നിയമസഭയിലും ആദ്യത്തെ ഏഴ് മാസ കാലയളവിലേയ്ക്കുള്ള സർക്കാർ ചെലവുകൾ നേരിടുന്നതിനായി രണ്ട് വോട്ട് ഓൺ അക്കൗണ്ടുകൾ പാസ്സാക്കിയിട്ടുള്ള കീഴ്‌വഴക്കം ഉണ്ടായിട്ടുണ്ടെന്ന കാര്യവും ഇത്തരുണത്തിൽ സഭയെ അറിയിക്കുന്നു. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

(10) <u>ധനകാര്യ ബില്ലിന്റെ അവതരണം</u>

2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പുതിയ നികുതി നിർദ്ദേശങ്ങളില്ലാത്തതിനാലും ഈ വർഷത്തെ ആദ്യ ബഡ്ജറ്റ് നിർദ്ദേശങ്ങളെല്ലാം നടപ്പിലാക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി സഭയിൽ പ്രഖ്യാപിച്ചിട്ടുള്ളതിനാലും ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള 2021-ലെ ധനകാര്യ ബില്ലിന്റെ അവതരണം ക്രമവിരുദ്ധമാണെന്നും പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 113-ൽ 14-ാം കേരള നിയമസഭയുടെ കാലാവധി കഴിഞ്ഞപ്പോൾ 2021-ലെ ധനകാര്യ ബില്ലിലെ വ്യവസ്ഥകൾ കാലഹരണപ്പെട്ടുവെന്നും ടി ബില്ലിലെ എല്ലാ ഖണ്ഡങ്ങളും പുനഃസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുവെന്നുമുള്ള പ്രസ്താവന നീക്കം ചെയ്യേണ്ടതാണെന്നും 2021 ജൂൺ 10-ാം തീയതി ധനകാര്യം പരിഗണിക്കുന്നതിന് മുമ്പ്, ഒരു പ്രതിപക്ഷാംഗം ക്രമപ്രശ്നത്തിലൂടെ

ആവശ്യപ്പെടുകയുണ്ടായി.

14-ാം കേരള നിയമസഭയിൽ അവതരിപ്പിച്ച ധനകാര്യ ബില്ലുകൾ 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻസ് ഓഫ് റവന്യൂസ് ആക്ടിലെ ഡിക്ലറേഷനോടുകൂടിയാണ് സഭയിൽ അവതരിപ്പിക്കപ്പെട്ടതെങ്കിലും 14-ാം കേരള നിയമസഭ പിരിച്ചുവിട്ടതോടുകൂടി ബിൽ ലാപ്സാകുകയും അന്നുമുതൽ ബില്ലിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നഷ്ടമാവുകയും ചെയ്ത സാഹചര്യത്തിലാണ് 15-ാം കേരള നിയമസഭ നിലവിൽ വന്നയുടൻ പുതിയ ധനകാര്യ ബില്ലുകൾ അവതരിപ്പിക്കേണ്ടിവന്നത്; അതിനാൽ ബഡ്ജറ്റ് പ്രസംഗത്തിലെ 113-ാം ഖണ്ഡികയിലെ പ്രസ്താവനയിൽ പിശകില്ലെന്ന് കാണുന്നെന്നും ബില്ലിലെ 8-ാം വകുപ്പ് സർക്കാർ നിശ്ചയിക്കുന്ന ദിവസത്തിൽ പ്രാബല്യത്തിൽ വരുമെന്നത് 1985-ലെ പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലെന്നും ധനകാര്യ വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി*.

---

* XV KLA/I Session Vol. 184 Report No. 12 dated 10-06-2021

2021 ജനുവരി 21-ാം തീയതി സഭയിൽ അവതരിപ്പിച്ച ധനകാര്യ ബില്ലുകൾ 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ ഡിക്ലറേഷനോടുകൂടിയാണ് സഭയിൽ അവതരിപ്പിക്കപ്പെട്ടതെങ്കിലും 14-ാം കേരള നിയമസഭ പിരിച്ചുവിട്ടതോടുകൂടി ബിൽ ലാപ്സാകുകയും അന്നുമുതൽ ബില്ലിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നഷ്ടമാവുകയും ചെയ്ത സാഹചര്യത്തിലാണ് പുതിയ ധനകാര്യ ബില്ലുകൾ അവതരിപ്പിക്കേണ്ടിവന്നത്. പഴയ ബില്ലുകൾ ലാപ്സായതിനും പുതിയ ബില്ലിലെ വ്യവസ്ഥകൾ നിലവിൽ വരുന്നതിനുമിടയിൽ വരുന്ന കാലഘട്ടത്തിൽ നടത്തുന്ന ടാക്സ് കളക്ഷൻ നടപടികളുൾപ്പെടെയുള്ള വ്യവസ്ഥകൾക്ക് പുതിയ ബില്ലിൽ വാലിഡേഷൻ ക്ലെയിം ഉൾപ്പെടുത്തി അപ്രകാരമുള്ള അപാകതകൾ പരിഹരിക്കാവുന്നതാണ്. അതാണ് പൊതുവെ സ്വീകരിച്ചുവരുന്നത്. ആകയാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

(11) <u>നിയമസഭാ ചോദ്യത്തിനുള്ള മറുപടി സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചത് സംബന്ധിച്ച്</u>

2021 ജൂൺ 10-ാം തീയതി ധനകാര്യം പരിഗണിക്കുന്നതിന് മുമ്പ്, സഭയുടെ നടപ്പുസമ്മേളനത്തിൽ, 07.06.2021-ലെ നക്ഷത്രചിഹ്നമിടാത്ത

99-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം സഭാതലത്തിൽ വരുന്നതിനുമുമ്പായി സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചത് ചട്ടം 47(3)-ന്റെ ലംഘനവും അംഗങ്ങളോടും സഭയോടുമുള്ള അനാദരവുമാകയാൽ ഇക്കാര്യത്തിൽ റൂളിംഗ് നൽകണമെന്ന് പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി*.

നിയമസഭാ ചോദ്യങ്ങൾക്ക് നിയമസഭാതലത്തിൽത്തന്നെ ഉത്തരം ലഭിക്കുവാനുള്ള ബഹുമാനപ്പെട്ട അംഗങ്ങളുടെ പ്രത്യേക അവകാശത്തിന് പ്രത്യക്ഷത്തിൽ ലംഘനം ഉണ്ടായിട്ടില്ലെങ്കിലും അനുചിതമായ നടപടി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായതായി ചെയർ നിരീക്ഷിക്കുന്നു. ഇത്തരം പ്രവണതകൾ ആവർത്തിക്കപ്പെടാതിരിക്കുവാനായി സർക്കാർ ഇതുസംബന്ധിച്ച് സമഗ്രമായ ഒരു വകുപ്പുതല അന്വേഷണം നടത്തണമെന്നും വീഴ്ച വരുത്തിയവർക്കെതിരെ മാതൃകാപരമായ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

---

* XV KLA/I Session Vol. 184 Report No. 12 dated 10-06-2021

(12) <u>ആക്ടിന് വിരുദ്ധമായ വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച്</u>

2021 ജൂൺ 10-ാം തീയതി ധനകാര്യം പരിഗണിക്കുന്നതിന് മുമ്പ്, 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ സെക്ഷൻ 3-ന് വിരുദ്ധമായിട്ടാണ് 2021-ലെ കേരള ധനകാര്യ ബില്ലിലെ ഖണ്ഡം 8-ന് പ്രാബല്യം കൊടുത്തിരിക്കുന്നതെന്നും ഇത് നിയമവിരുദ്ധമാകയാൽ റൂളിംഗ് നൽകണമെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

ധനകാര്യ ബില്ലിന്റെ ഡിക്ലറേഷനിൽ 8-ാം വകുപ്പ് സർക്കാർ നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ പ്രാബല്യത്തിൽ വരുമെന്നാണ് കാണിച്ചിട്ടുള്ളത്. Kerala Provisional Collection of Revenues Act-ലെ വ്യവസ്ഥകൾ ബാധകമല്ലാത്തതിനാൽ ബില്ലിലെ പ്രാരംഭ തീയതി സംബന്ധിച്ച വ്യവസ്ഥ പ്രസ്തുത Act-ലെ വ്യവസ്ഥയ്ക്ക് വിരുദ്ധമല്ലെന്ന് ധനകാര്യ വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുന്ന റൂളിംഗ് നൽകി*.

---

* XV KLA/I Session Vol. 184 Report No. 12 dated 10-06-2021

1985-ലെ പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ വ്യവസ്ഥയനുസരിച്ച് ആ നിയമത്തിൽ പ്രസ്താവിച്ചിരിക്കുന്ന പ്രകാരമുള്ള പ്രസ്താവനയോടുകൂടി സഭയിൽ സമർപ്പിക്കുന്ന ബില്ലുകളിലെ വ്യവസ്ഥകൾക്ക് തൊട്ടടുത്തുവരുന്ന ഏപ്രിൽ മാസം 1-ാം തീയതി മുതലോ ബിൽ അവതരിപ്പിക്കുന്ന തീയതി മുതലോ 180 ദിവസം പ്രാബല്യം ഉണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽപ്പോലും അവതരിപ്പിക്കുന്ന ബില്ലിൽ പ്രത്യേകമായി പ്രാബല്യം നിഷ്കർഷിച്ചിട്ടുണ്ടെങ്കിൽ അപ്രകാരം പരാമർശിച്ചിരിക്കുന്ന തീയതികളിലാണ് അവ നിലവിൽ വരുന്നതെന്ന് ഡിക്ലറേഷൻ പ്രസ്താവിക്കുന്നതാണ് കീഴ്‌വഴക്കം. അതിൽ അപാകതയൊന്നും കാണുന്നില്ല. ബില്ലിന്റെ ഖണ്ഡം 8-ന്റെ പ്രാബല്യം സംബന്ധിച്ച പരാമർശം ഡിക്ലറേഷനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ ബിൽ ക്രമപ്രകാരമാണെന്നും ബില്ലിന്റെ അവതരണത്തിൽ യാതൊരുവിധ ക്രമരാഹിത്യവും ഉണ്ടായിട്ടില്ലെന്നും ചെയർ റൂൾ ചെയ്യുന്നു.

******